(ബി) ഇവയിൽ എക്സ്പ്രസ്, സൂപ്പർഫാസ്റ്റ്, എ.സി., ഓർഡിനറി എന്നീ വിഭാഗങ്ങളിൽ എത്രയെണ്ണംവീതമാണ് നിരത്തിലിറക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുവേണ്ടിവന്ന ചെലവ് എത്രയാണ്;

(ഡി) കെ.എസ്.ആർ.ടി.സി. രൊക്കമായി വില നൽകിയാണോ വണ്ടികൾ വാങ്ങിയതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം (1-9-2004) 409 ബസ്സുകൾ പുതുതായി കെ.എസ്.ആർ.ടി.സി. വാങ്ങിയിട്ടുണ്ട്.

(ബി)

ഡീലക്സ് എക്സ്പ്രസ്	—	5 എണ്ണം
സൂപ്പർ ഫാസ്റ്റ്	—	40 എണ്ണം
ഓർഡിനറി	—	19 എണ്ണം
എ. സി.	—	ഇല്ല
മിനി ബസ്	—	106 എണ്ണം
ലോഫ്ളോർ അനന്തപുരി എയർബസ്	—	4 എണ്ണം
അനന്തപുരി ഫാസ്റ്റ്	—	40 എണ്ണം
ഫാസ്റ്റ് പാസഞ്ചർ	—	195 എണ്ണം
ആകെ		409 എണ്ണം

(സി) 46.65 കോടി രൂപ ചെലവായി.

(ഡി) രൊക്കമായി വില നൽകിയാണ് ബസ്സുകൾ വാങ്ങിയത്.

കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനവും ബസ് ചാർജ് വർദ്ധനയും

46 [1367] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ ഇപ്പോഴത്തെ ശരാശരി പ്രതിദിന വരുമാനം എത്രയാണ്;

(ബി) പ്രതിദിന ശരാശരി ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ബസ് ചാർജ് കൂടിയതിനുശേഷം പ്രതിദിന വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്?

ഉത്തരം

(എ) ഇപ്പോഴത്തെ (2005 ജൂൺ മാസം) ശരാശരി പ്രതിദിന വരുമാനം 2 കോടി 21 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചെലവ് ദിനംപ്രതി കണക്കാക്കുന്നത് ബുദ്ധിമുട്ടാണ്.

(സി) ബസ് ചാർജ് കൂട്ടിയ 16-9-2004-നുമുൻപുള്ള മൂന്നര മാസക്കാലവും ചാർജ് കൂടിയശേഷമുള്ള മൂന്നരമാസക്കാലവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ 10.41% വർദ്ധനവ് ഉണ്ടായതായി കാണുന്നു.

കെ.എസ്.ആർ.ടി.സി.യിലെ ദിവസവേതനക്കാർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

47 [1368] *ശ്രീ. എൻ. രാജൻ:*
„ *മാങ്കോട് രാധാകൃഷ്ണൻ:*
„ *പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിച്ചുവരുന്നത്;

(ബി) ആണെങ്കിൽ പ്രതിമാസം ലഭിക്കുന്ന ലാഭം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാകാനുള്ള കാരണങ്ങൾ

48 [1369] *ശ്രീ. സി. മമ്മൂട്ടി:*
„ *കെ. എൻ. എ. ഖാദർ:*
„ *ടി. പി. എം. സാഹിർ:*
„ *നാലകത്ത് സൂപ്പി:*
„ *ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ നഷ്ടത്തിന്റെ കാരണം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) സ്പെയർ പാർട്സ് ആവശ്യത്തിലധികം വാങ്ങി സൂക്ഷിക്കുകയും, വാഹനങ്ങളുടെ മോഡലുകൾ മാറുന്നതനുസരിച്ച് അവ ഉപയോഗരഹിതമാകുകയും പിന്നീട് നാമമാത്രമായ വിലയ്ക്ക് വിൽക്കേണ്ടിവരുന്നതുമൂലം നഷ്ടം സംഭവിച്ചിട്ടുള്ളത് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എന്തു തുക;

(സി) കെ.എസ്.ആർ.ടി.സി.യിൽ ഉയർന്ന തസ്തികകളിൽ ആവശ്യത്തിലധികം സ്റ്റാഫ് ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഈ ഇനത്തിൽ വരുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly